പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2212 08.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ കർമ്മ പദ്ധതികൾ

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ :
" ബെന്നി ബെഹനാൻ :
" പി.എ. മാധവൻ :
" സണ്ണി ജോസഫ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി പുഷ് ബാക് സീറ്റ് സൗകര്യമുള്ള 50 സൂപ്പർ ഡീലക്സ് ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. പുറമെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ബാംഗ്ലൂരിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിലേക്കായി 10 മൾട്ടി ആക്സിൽ വോൾവോ ബസ്സും നിരത്തിലിറക്കിയിട്ടുണ്ട്. യാത്രക്കാർക്ക് വളരെ എളുപ്പം ടിക്കറ്റ് ബുക്ക് ചെയ്യുവാൻ കഴിയുന്ന രീതിയിൽ ഓൺലൈൻ സംവിധാനം നവീകരിച്ചിട്ടുമുണ്ട്. സർവ്വീസ് കാര്യക്ഷമമാക്കി കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനായി 1350 പുതിയ ബസുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ബസ്സുകൾ നിരത്തിലിറക്കി തുടങ്ങിയിട്ടുണ്ട്. പുതിയ ബസുകൾ പൂർണ്ണമായി നിരത്തിലിറങ്ങി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതോടുകൂടി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാർക്കായി ഒരു സാമൂഹ്യ സുരക്ഷാ |

<table>
<tr><td></td><td></td><td></td><td>ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. മാത്രമല്ല RFID ഉള്ള Smart Card ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇതിനായി പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;</td><td>(ബി)</td><td>കെ.എസ്.ആർ.ടി.സി.യുടെ ബസുകളിൽ യാത്ര ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ സെസ് ആരംഭിക്കുവാൻ പുനരുദ്ധാരണ പാക്കേജിൽ വ്യവസ്ഥയുണ്ട്. പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ടി കാര്യങ്ങൾ നടപ്പിലാക്കിയത്. 25 രൂപയ്ക്കും അതിനുമുകളിലുള്ള ടിക്കറ്റു നിരക്കിൽ യാത്രചെയ്യുന്നവരിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള സ്ലാബ് പ്രകാരം സെസ് ഈടാക്കുന്നതാണ്.
<table>
<tr><th>ടിക്കറ്റ് നിരക്ക്</th><th>സെസ് തുക</th></tr>
<tr><td>24 രൂപാ വരെ</td><td>ഇല്ല</td></tr>
<tr><td>25-49 രൂപ</td><td>2 രൂപ</td></tr>
<tr><td>50-74 രൂപ</td><td>3 രൂപ</td></tr>
<tr><td>75-99 രൂപ</td><td>4 രൂപ</td></tr>
<tr><td>100 രൂപയ്ക്കും അതിനു മുകളിലും</td><td>10 രൂപ</td></tr>
</table></td></tr>
<tr><td>(സി)</td><td>കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;</td><td>(സി)</td><td>സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലൂടെ പ്രതിമാസം 9-10 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ നിന്നും ഒരു തുക കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ഫണ്ടിൽ ഉൾച്ചേർക്കാനായി ഉദ്ദേശിക്കുന്നു. ഇതുമൂലം കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാദ്ധ്യതയിൽ കുറവുണ്ടാകുന്നതാണ്. കൂടാതെ പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിലൂടെ അധിക വരുമാനം ലഭിക്കുന്നതിലൂടെയും, സാമ്പത്തിക പ്രതിസന്ധിക്ക് ഗണ്യമായ പരിഹാരം കാണുവാൻ കഴിയുമെന്നും കരുതുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലേക്ക് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖലയിലുള്ള ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്ത് പോളിസി തുക, നടപ്പാക്കുന്ന രീതി തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുത്തു കഴിഞ്ഞു. സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതോടെ നിയമമാകുകയും കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽ നിന്നും സെസ് തുക ഈടാക്കി തുടങ്ങുകയും ഒപ്പം ഇൻഷ്വറൻസ് പരിരക്ഷ യാത്രക്കാർക്ക് ലഭിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ